**കേരളം** അക്ഷരാർത്ഥത്തിൽ അഴുകുകയാണ്. ചീഞ്ഞുനാറുന്നത് പുറത്തെ മാലിന്യം മാത്രമല്ല, നമ്മുടെ ചിന്താഗതി, മനഃസ്ഥിതി മാറ്റിത്തീർക്കേണ്ട ഉറവിടത്തിലെ തന്നെ പ്രശ്നങ്ങൾ. ജീവിതവീക്ഷണവും സമീപനങ്ങളും അടിമുടി മാറേണ്ട ഒരു പ്രതിസന്ധിഘട്ടത്തിലാണ് കേരളത്തോടൊപ്പം ലോകവും. മാലിന്യം വിഭവം എന്ന് പറഞ്ഞാൽ മാത്രം പോരാ. അത് ഫലപ്രദമായി വിനിയോഗിക്കാനുള്ള വൈഭവം നാം പുറത്തെടുക്കണം. ഭരണാധികാരികൾ എന്നരീതിയിൽ കോർപ്പറേഷനോ മുനിസിപ്പാലിറ്റിയോ പഞ്ചായത്തോ സർക്കാറോ എന്നത് നിരർത്ഥകമാകുന്നു. രാഷ്ട്രീയപാർട്ടികളും കോടതികളും ഉദ്യോഗസ്ഥവൃന്ദവും അപര്യാപ്തം.

ഈ അർത്ഥത്തിൽ ദൈവത്തിന്റെ സ്വന്തം നാട്ടിൽ പ്രശ്നപരിഹാരത്തിന് നമ്മൾ ഉള്ളിലേക്ക് തന്നെ തിരിയേണ്ടതുണ്ട്. മാലിന്യമുണ്ടാക്കുന്നത് നമ്മളാണ് എന്ന തിരിച്ചറിവും അത് പരിഹരിക്കാൻ, സംസ്കരിക്കാൻ ഉത്തരവാദിത്തപ്പെട്ടവർ നമ്മൾ മനുഷ്യരാണ് എന്നതും അംഗീകരിക്കുമെങ്കിൽ നമുക്ക് പതുക്കെ, വികേന്ദ്രീകരിച്ച്, ജനാധിപത്യപരമായി പരിഹരിക്കാൻ സാധ്യത തുടങ്ങുകയാണ് വേണ്ടത്. മാലിന്യസംസ്കരണത്തിന് നമ്മൾ സംവിധാനമുണ്ടാക്കിയേതീരൂ. അത് തീർച്ചയായും വ്യക്തിപരം മാത്രമല്ല, സാമൂഹികം കൂടിയാണ്. മറിച്ചും അങ്ങനെതന്നെ. അതിനുള്ള സംവിധാനം ഉണ്ടാക്കുന്നത് രാഷ്ട്രീയം കൂടിയാണ്. ഈയൊരു തിരിച്ചറിവിലേക്ക് ഉണരാൻ വലിയൊരു ജാഗ്രത നമ്മുടെ കാലം ആവശ്യപ്പെടുന്നു. ഇന്നത്തെ സ്ഥിതിയിൽ പ്ലാസ്റ്റിക് മിക്കവാറും നിരോധിക്കേണ്ടിവരും. നിലവിലുള്ളതിനേക്കാൾ കർശന നിയന്ത്രണം അടിയന്തിരമായി വേണം. മാലിന്യഉത്പാദകർ അത് സംസ്കരിക്കാൻ നിർബന്ധിതരാകണം. അതിന്റെ സാമൂഹികവില കൊടുക്കാൻ ബാധ്യസ്ഥരുമാകണം. ചവറെന്നപേരിൽ വരുന്ന ജൈവമാലിന്യങ്ങൾ താരതമ്യേനെ അളവിൽ കൂടുതലെങ്കിലും പരിഹരിക്കാനാകും. എന്നാൽ ആശുപത്രി മാലിന്യങ്ങളുടെയും വ്യാവസായിക ഖര-ജല-വായു മാലിന്യങ്ങളുടെയും അളവും തരവും അപകടകരമായി രീതിയിൽ വർദ്ധിക്കുന്നതിനാൽ അവയെ പ്രത്യേകം കൈകാര്യം ചെയ്യണം. ഈ മേഖലയിലെ അനാസ്ഥ തലമുറകളോളം നീണ്ടുനിൽക്കുന്ന ദുരന്തത്തിലേക്കാണ് നയിക്കുന്നത്. നിലവിലുള്ള മാലിന്യനിയന്ത്രണ നിയമങ്ങൾ കൊണ്ടൊന്നും ഇവയെ ഫലപ്രദമായി നിയന്ത്രിക്കാൻ കഴിയില്ല. മൂന്നാംലോക രാജ്യങ്ങൾ കൂടുതലായി ഇത്തരം വികസനപദ്ധതികളുടെ ഇരകളാകുമ്പോൾ പ്രത്യേകിച്ച് പരിഗണന കിട്ടേണ്ട സംഗതിയാണിത്.

ലളിതവും ശാശ്വതവുമായ പരിഹാരമുള്ളപ്പോൾ മാലിന്യപ്രശ്നത്തെ സങ്കീർണ്ണമാക്കി അപകടകരമാക്കുന്നത് നമ്മുടെ ഭരണവ്യവസ്ഥ മാത്രമല്ല, കൂട്ടിക്കൊടുപ്പുകാരായി മാറിയ രാഷ്ട്രീയപാർട്ടികളും സംവിധാനങ്ങളുമാണ്. കേരളീയരെ ഇഞ്ചിഞ്ചായി കൊന്നിട്ടായാലും തങ്ങൾക്കുള്ള അഴിമതി പണം കിട്ടിയാൽ മതി എന്ന് യാതൊരുളുപ്പുമില്ലാതെ പെരുമാറുന്ന ഈ ഭരണാധികാരികൾക്കിടയിൽ നമുക്ക് എന്തുചെയ്യാനാകും? ഇവിടെ ജനാധിപത്യമാണ് പുലരേണ്ടതെങ്കിൽ ജനങ്ങൾ ഉത്തരവാദിത്തമെടുത്ത് മാറ്റിത്തീർക്കുകയേ വഴിയുള്ളൂ. കേന്ദ്രീകൃത പദ്ധതികൾ പരിഹാരമല്ല. പുതുസാങ്കേതികവിദ്യ, വൻ മുതൽമുടക്ക്, അത്യാകർഷകത്വം, വിജയകരമായ മാതൃക എന്നെല്ലാം പറഞ്ഞുള്ള തട്ടിപ്പുകളാകരുത് നമ്മുടെ പുതിയ പദ്ധതികൾ എന്നുറപ്പുവരുത്തേണ്ടത് നമ്മളാണ്. മലിനമായ രാഷ്ട്രീയത്തിൽ നിന്നും മാലിന്യരഹിതമായ ഒരു പുതുജനാധിപത്യം ഉണരാനുള്ള സമരങ്ങളാകട്ടെ കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള മാലിന്യപ്രശ്നങ്ങൾ.